"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം സെന്റ് അലോഷ്യസ് സ്കൂളിലെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) ശ്രീമതി ആനറ്റ് മേരി എ. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17952/2024-ന്റെ 21.05.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1524/2025/GEDN തീയതി,തിരുവനന്തപുരം, 22-02-2025**

---

പരാമർശം:-
1. ശ്രീമതി ആനറ്റ് മേരി എ.യുടെ 21.03.2024-ലെ അപേക്ഷ (എക്സിബിറ്റ് പി4)
2. ശ്രീമതി ആനറ്റ് മേരി എ. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17952/2024-ന്റെ 21.05.2024-ലെ വിധിന്യായം
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.12.2024-ലെ ഇറ്റി1/25494/2024/ഡി.ജി.ഇ. നമ്പർ കത്ത്
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 30.12.2024-ലെ ഡി.ഡി.ഇ./ബി3/2543/2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം സെന്റ് അലോഷ്യസ് സ്കൂളിലെ എച്ച്.എസ്.എ.(ഇംഗ്ലീഷ്) ശ്രീമതി ആനറ്റ് മേരി എ. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17952/2024-ന്റെ 21.05.2024-ലെ വിധിന്യായത്തിൽ, ഹർജിക്കാരിയെയും അഞ്ചാം എതിർകക്ഷിയെയും മറ്റു കക്ഷികളെയും കേട്ടശേഷം EXT P4 (request dated 21.03.2024) പരിശോധിച്ചും deeming provision ബാധകമാക്കിയും തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 31.12.2024 തീയതിയിൽ സൂം മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2) ഹർജിക്കാരിയായ ശ്രീമതി ആനറ്റ് മേരി എ.യുടെ അപേക്ഷ ഇപ്രകാരമാണ്:**

"ഹർജിക്കാരിയെ HSA (ഇംഗ്ലീഷ്)-ൽ 01.06.2010 മുതൽ അഡീഷണൽ പോസ്റ്റ് ഒഴിവിലേക്ക് നിയമിച്ചു. എന്നാൽ G.O.10/10 പ്രകാരം മാനേജർ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ചുകൊള്ളാം എന്നു സമ്മതിച്ച നോട്ടോറൈസ്ഡ് അണ്ടർടേക്കിങ്

നൽകാത്തതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത നിയമനം അംഗീകരിച്ചില്ല.

എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് judgement dated 26.07.2017 in WA No.2592/2015 പ്രകാരം മാനേജർ ബോണ്ട് നൽകിയിട്ടില്ല എങ്കിലും ആയത് നൽകിയതായി പരിഗണിച്ച് അധ്യാപകരുടെ നിയമനം അംഗീകരിക്കാൻ ഉത്തരവ് ആയിട്ടുള്ളതാണ്. ടി വിധി തുടർന്നുള്ള നിരവധി വിധിന്യായങ്ങളിൽ തുടർന്നും നിർദ്ദേശിച്ചു വരുന്നതാണ്.

ടി വിധിയിൽ പരാമർശിച്ചിട്ടുള്ളപോലെയുള്ള ബോണ്ട് ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ കെട്ടിവെക്കാത്തതിനാലാണ് ഹർജിക്കാരിക്ക് 01/06/2010 മുതൽ 01/06/2011 വരെയുള്ള നിയമനം അംഗീകരിക്കാത്ത പോയത്. മേൽ പറഞ്ഞ 2010-2011 കാലയളവിലെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് കോർപ്പറേറ്റ് മാനേജരുടെ ബോണ്ട് നോക്കേണ്ട ആവശ്യകത ഇല്ലെന്ന് മേൽ ഹൈക്കോടതി ഉത്തരവുകളിലൂടെ വ്യക്തമാണ്.

കൂടാതെ, സർക്കാർ നിലപാട് പ്രകാരം, പുതുതായി തുറന്ന സ്കൂളിലെ ഒഴിവുകളിൽ പ്രൊട്ടക്റ്റഡ് ഹാൻഡ്സിനെ നിയമിക്കണം, എന്നാൽ മാനേജർ അതു ചെയ്തിരുന്നില്ല; എന്നാൽ കോടതി ഉത്തരവുകളും നിയമങ്ങളും പരിശോധിച്ചതിനുശേഷം, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി judgement dated 04.08.2011 in WP No. 28577/2008 പ്രകാരം ഒരു യോഗ്യ അധ്യാപകനെ നിയമിച്ചാൽ, പ്രൊട്ടക്റ്റഡ് ഹാൻഡ്സ് നിയമിക്കപ്പെട്ടിട്ടില്ലെന്ന കാരണത്താൽ അംഗീകാരം നീട്ടിവയ്ക്കാൻ കഴിയില്ലെന്ന് കണ്ടെത്തി. അതിനാൽ പെറ്റിഷനർമാരുടെ നിയമനം ആദ്യ നിയമനദിവസങ്ങളിൽ നിന്ന് അംഗീകരിക്കണമെന്ന് വിധിച്ചു. ടി വിധി തുടർന്നുള്ള നിരവധി വിധിന്യായങ്ങളിൽ തുടർന്നും നിർദ്ദേശിച്ചു വരുന്നതാണ്.

കെ.ഇ.ആർ.ന്റെ ചാപ്. XIV-A R.7 അനുസരിച്ച്, "as soon as a teacher is appointed in a subject, the Manager shall immediately issue an appointment order to the teacher (in Form 27) and the appointment shall be effective from the date on which the teacher is admitted to duty, provided the appointment is duly approved." അംഗീകാരത്തെ സംബന്ധിച്ചിടത്തോളം, സാധാരണഗതിയിൽ, അത് സ്റ്റാഫ് ഫിക്സേഷൻ ഓർഡർ പ്രകാരമുള്ള ഒഴിവുകളുടെ നിലനിൽപ്പിനും തസ്തികയുടെ അനുമതിക്കും യോഗ്യത പൂർത്തികരിച്ച് അധ്യാപക നിയമനത്തിനുള്ള യോഗ്യതയ്ക്കും അനുസൃതമായിരിക്കണം. ഈ വ്യവസ്ഥകൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ, അംഗീകാരം നൽകുന്നതിന് മറ്റെന്തെങ്കിലും നിയമപരമായ തടസ്സമില്ലെങ്കിൽ, സാധാരണഗതിയിൽ അംഗീകാരം നൽകാൻ വിസമ്മതിക്കാനാവില്ല. അതിനാൽ ടി ഹൈക്കോടതിയുടെ വിധികളുടെ വെളിച്ചത്തിൽ ഹർജിക്കാരന്റെ 01/06/2010 മുതൽ 01/06/2011 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കാൻ നിർദേശിച്ചു ഉത്തരവാകണം എന്ന് അപേക്ഷിക്കുന്നു.”

3) കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

"കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ 2006-07 അദ്ധ്യയന വർഷത്തെ എച്ച്.എസ്.റ്റി.(ഇംഗ്ലീഷ്) അധികതസ്തികയിൽ ശ്രീമതി ആനറ്റ് മേരി എ.യെ

01.06.10 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. എന്നാൽ സ.ഉ.(അ.)10/10/പൊ.വി.വ.ന്റെ അടിസ്ഥാനത്തിലുള്ള ബോണ്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിക്കാതിരുന്നതിനാൽ ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. പിന്നീട് 01/10/2011-ലെ സ.ഉ.(പി)നം.199/11പൊ.വി.വ. പ്രകാരം അധ്യാപകപാക്കേജിൽ ഉൾപ്പെടുത്തി ശ്രീമതി ആനറ്റ് മേരി എ.യുടെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം 01.06.2011 മുതൽ അംഗീകരിച്ചു നൽകി.

അധികതസ്തിക അനുവദിച്ചു നൽകിയതിനാൽ 01.06.2010 മുതൽ 31.05.11 വരെയുള്ള കാലയളവിൽ നിലനിൽക്കുവാൻ ശ്രീമതി ആനറ്റ് മേരി എ.യ്ക്ക് തസ്തിക ലഭ്യമാണ് എന്നും സ.ഉ.(അ)നം.10/10/പൊ.വി.വ.ലെ വ്യവസ്ഥകൾക്ക് എതിരായി മാനേജർ സുപ്രിം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട് എന്നും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി ആനറ്റ് മേരി എ.യ്ക്ക് 01.06.2010 മുതൽ 31.05.2011 വരെയുള്ള കാലയളവിൽ നിലനിൽക്കുവാൻ തസ്തിക ലഭ്യമാണ് എന്ന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ "DEEMING PROVISION" ബാധകമാക്കി ടി നിയമനം അംഗീകാരത്തിനായി പരിഗണിക്കാവുന്നതാണ്.''

4) **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:**

"കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ 2006-07 അദ്ധ്യയന വർഷത്തെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) അധികതസ്തികയിൽ ശ്രീമതി ആനറ്റ് മേരി എ.യെ 01.06.10 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. എന്നാൽ സ.ഉ.(അ)നം.10/10/പൊ.വി.വ.ന്റെ അടിസ്ഥാനത്തിലുള്ള ബോണ്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിക്കാതിരുന്നതിനാൽ ടി നിയമനാംഗീകാര അപേക്ഷ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി. സ.ഉ.(അ)നം.199/11/പൊ.വി.വ. തീയതി 01.10.11 പ്രകാരം നടപ്പിൽ വന്ന അദ്ധ്യാപക പാക്കേജ് പ്രകാരം ശ്രീമതി ആനറ്റ് മേരി എ.യുടെ പേര് ടീച്ചേഴ്സ് പാക്കേജിൽ സീരിയൽ നം. 128 ആയി ഉൾപ്പെടുത്തിയതിനാൽ ടിയാളുടെ എച്ച്.എസ്.റ്റി.(ഇംഗ്ലീഷ്) തസ്തികയിലെ നിയമനം 01/06/11 മുതൽ അംഗീകരിച്ചു കൊണ്ട് കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും ഉത്തരവായി.

അധികതസ്തിക അനുവദിച്ചതിനാൽ വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമാണ്. മേൽ സാഹചര്യത്തിൽ, ശ്രീമതി ആനറ്റ് മേരി എ.യ്ക്ക് 01.06.2010 മുതൽ 31.05.11

വരെയുള്ള കാലയളവിൽ നിലനിൽക്കുവാൻ തസ്തിക ലഭ്യമാണ് എന്നും സ.ഉ.(അ)നം.10/10/പൊ.വി.വ.ലെ വ്യവസ്ഥകൾക്ക് എതിരായി മാനേജർ സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട് എന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.''

**5)** സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങൾ, സമർപ്പിക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, കോടതി വിധിന്യായങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ഹർ ജിക്കാരിയുടെ 01.06.2010 മുതൽ 31.05.2011 വരെയുള്ള എച്ച്.എസ്.എ.(ഇംഗ്ലീഷ്) നിയമനത്തിന് അംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ഇവയാണ്:

(i) ടി സ്കൂളിൽ 2006-07 വർഷത്തെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) അധിക തസ്തികയിൽ ഹർജിക്കാരിയെ മാനേജർ 01.06.2010 മുതൽ നിയമിച്ചു. G.O.(P)No.10/10/GEDN dated 12.10.2010 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കാത്തതിനാൽ നിയമനം അംഗീകരിക്കപ്പെട്ടില്ല.

(ii) G.O.(P)No.199/2011/GEDN dated 01.10.2011 പ്രകാരം അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ടിയാളുടെ നിയമനം 01.06.2011 മുതൽ അംഗീകരിച്ചിട്ടുണ്ട്.

(iii) അധികതസ്തിക അനുവദിച്ചു നൽകിയതിനാൽ 01.06.2010 മുതൽ 31.05.2011 വരെ ടിയാൾക്ക് നിലനിൽക്കുവാൻ തസ്തിക ലഭ്യമാണെന്നും, G.O.(P)No.10/10/GEDN dated 12.01.2010-നെതിരായി മാനേജർ ബഹു. സുപ്രീംകോടതിയിൽ SLP ഫയൽ ചെയ്തിട്ടുണ്ടെന്നും, ടിയാൾക്ക് deeming provision ബാധകമാക്കി നിയമനാംഗീകാരം നൽകാവുന്നതാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**6)** മേൽ സാഹചര്യത്തിൽ, G.O.(P)No.10/10/GEDN dated 12.01.2010 പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുള്ളതായി കണക്കാക്കിയും, ഹർ ജിക്കാരിക്ക് 01.06.2010 മുതൽ 31.05.2011 വരെയുള്ള കാലയളവിൽ നിലനിൽക്കുവാൻ തസ്തിക ലഭ്യമാണെന്ന് ഉറപ്പാക്കിയും, സ.ഉ.(അ.)നം.10/10/പൊവിവ-ക്കെതിരെ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസിന്റെ അന്തിമവിധിക്ക് വിധേയമായി, ഹർജിക്കാരിയുടെ നിയമനം

അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി4 അപേക്ഷ തീർപ്പാക്കി, കൊല്ലം സെന്റ് അലോഷ്യസ് സ്കൂളിലെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) ശ്രീമതി ആനറ്റ് മേരി എ. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17952/2024-ന്റെ 21.05.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, കാത്തലിക് സ്കൂൾസ്, കൊല്ലം രൂപത, ബിഷപ്പ് ഹൗസ്, തങ്കശ്ശേരി, കൊല്ലം
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 22-02-2025 15:23:53
സെക്ഷൻ ഓഫീസർ